# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1393**

## <u>പാറശ്ശാല മണ്ഡലത്തിലെ ശാസ്ത്രപോഷിണി ലാബുകൾ</u>

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 വർഷത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനായി ഏതൊക്കെ സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) 2016-17 വർഷത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനായി സ്കൂളുകൾ തിരഞ്ഞെടുത്തിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) ശാസ്ത്രപോഷണി ലാബ് നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി നിർവ്വഹണ ഏജൻസികളെ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ശാസ്ത്രപോഷണി ലാബ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഹൈസ്കൂളുകൾ ആയിരിക്കണം.<br>2) അടച്ചുറപ്പുള്ള മൂന്ന് ക്ലാസ് റൂമുകൾ ഉണ്ടായിരിക്കണം.<br>3) അതാത് വിഷയങ്ങളിൽ (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) യോഗ്യതയുള്ള അദ്ധ്യാപകർ ഉണ്ടായിരിക്കണം.<br>4) സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.<br>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

Namitha
സെക്ഷൻ ഓഫീസർ